**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 205** **22-07-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ? | (എ) | ആലപ്പുഴ നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 36 കി.മീ എച്ച്.ടി ABC ലൈനും, 53 കി.മീ എൽ.ടി ABC ലൈനും 219 കി.മീ എൽ.ടി OH ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും, 21 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 235 കി.മീ ലൈൻ റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 1583 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി, എന്നിവയും ആലപ്പുഴ നിയോജക മണ്ഡലത്തിൽ നടന്നുവരുന്നു. ആലപ്പുഴ മണ്ഡലത്തിൽ വൈദ്യുതി പ്രസരണ മേഖലയിൽ, നിലവിലുള്ള 66കെ.വി സ്റ്റാൻഡേർഡിലുള്ള ആലപ്പുഴ സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും 110കെ.വി ആക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ